ഇത്തിക്കര ബ്ലോക്കിലെ കലയ്ക്കോട് മദർ പി.എച്ച്.സി.

36 (4907) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. എച്ച്.സി. ആയി ഉയർത്തിയ ഇത്തിക്കര ബ്ലോക്കിലെ കലയ്ക്കോട് മദർ പി.എച്ച്.സി.യിൽ ഇപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത സി.എച്ച്.സി.യിൽ ആവശ്യത്തിന് ഡോക്ടർമാരോ പാരാമെഡിക്കൽസ്റ്റാഫോ ഇല്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സി.എച്ച്.സി.യിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് അധികൃതർ ഉപേക്ഷ വിചാരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കലയ്ക്കോട് മദർ പി.എച്ച്.സി.യിൽ നിലവിൽ പകൽ സമയം മാത്രമാണ് കിടത്തി ചികിത്സ ലഭ്യമാക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കിടത്തി ചികിത്സ ഭാഗികമായി നടന്നു വരുന്നുണ്ട്. കലയ്ക്കോട് മദർ പി.എച്ച്.സി.യുടെ കീഴിലുള്ള മിനി പി.എച്ച്.സി. ആയ ആദിച്ചനല്ലൂരിലെ ഡോക്ടർ സ്പെഷ്യാലിറ്റി കേഡർ നിലവിൽ വന്നതോടെ പ്രൊമോഷൻ ലഭിച്ചു പോയതിനാലും ചാത്തന്നൂർ പി.എച്ച്. സി.യിലെ ഡോക്ടർ പ്രസവാവധിയിൽ പ്രവേശിച്ചതിനാലും ഈ പി.എച്ച്.സി.കളിലേക്ക് കലയ്ക്കോട് സി.എച്ച്.സി. യിൽ നിന്നും രണ്ട് ഡോക്ടർമാരെ നിയമിച്ചിരിക്കുകയാണ്. മേൽപ്പറഞ്ഞ പി.എച്ച്.സി.കളിലുള്ള ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്ന മുറയ്ക്ക് ഇവിടത്തെ ഐ.പി. പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതാണ്.

പി.എച്ച്.സി.കൾ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കാൻ സംവിധാനം

37 (4908) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തലയിലെ അർത്തുങ്കൽ, ചേന്നം-പള്ളിപ്പുറം എന്നിവിടങ്ങളിലെ പി.എച്ച്.സി.കൾ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുവാൻ വേണ്ട സംവിധാനം ഒരുക്കുമെന്ന് ഉറപ്പു നൽകിയിരുന്നെങ്കിലും നാളിതുവരെ അതിനുള്ള യാതൊരു നടപടിയും ഉണ്ടായില്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) ഈ ഉറപ്പ് നടപ്പിലാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിപ്പെട്ടിട്ടുണ്ട്.

(ബി) ചേർത്തലയിലെ അർത്തുങ്കൽ, പള്ളിപ്പുറം എന്നിവിടങ്ങളിലെ പി.എച്ച്.സി. കളെ 24X7 പി.എച്ച്.സി.കളായി ഉയർത്തിയെങ്കിലും ജീവനക്കാരുടെ കുറവ് മൂലമാണ് ഇത് നടപ്പിലാക്കാൻ കഴിയാത്തത്. സ്റ്റാന്റേർഡൈസേഷൻ പ്രകാരം നിലവാരം ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

പാലക്കുഴ പി.എച്ച്.സി.

38 (4909) ശ്രീ. ബാബുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കുഴ പി.എച്ച്.സി.യിൽ എത്ര ഡോക്ടർമാരുടെ സേവനം നിലവിലുണ്ടായിരുന്നു ;

(ബി) ഇതിൽ എത്ര ഡോക്ടർമാർ ഇപ്പോൾ സ്ഥിരമായി ഇവിടെയുണ്ട് ;

(സി) സ്ഥിരമായി ഒരു ഡോക്ടറെയെങ്കിലും ഇവിടെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇവിടെ ഐ.പി. പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്നു ഡോക്ടർമാരുടെ സേവനം നിലവിലുണ്ടായിരുന്നു.

(ബി & സി) നിലവിലുള്ള മൂന്നു അസിസ്റ്റന്റ് സർജൻ തസ്തികയിലും സ്ഥിരം ഡോക്ടർമാരെ നിയമിച്ചു കഴിഞ്ഞു.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

തിരുവാലിയിൽ പ്രാഥമികാരോഗ്യകേന്ദ്രം

39 (4910) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരുവാലിയിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം കൂടി അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) പി.എച്ച്.സി. അനുവദിക്കുന്നതു സംബന്ധിച്ച് ഡി.എം.ഒ. ബന്ധപ്പെട്ടവർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly